**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1216** **14-03-2022 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് നോർത്ത് - സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രൊജക്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | രാമനാട്ടുകര-വെങ്ങളം ദേശീയപാതക്കു കുറുകെ കടന്നു പോകുന്ന സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രൊജക്ടിന്റെ ഭാഗമായ സി.ഡബ്ല്യൂ.ആർ.ഡി.എം-പനാത്ത് താഴം റോഡ് ക്രോസ് ചെയ്യുന്നതിനു സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;ഉണ്ടെങ്കിൽ എന്തെല്ലാം; | (എ) | ഇല്ല. എന്നാൽ NH ന് ഇരുവശത്തും സർവ്വീസ് റോഡുകൾ നൽകിയിട്ടുള്ളതിനാൽ വാഹനങ്ങൾക്ക് അടുത്തുള്ള മലാപ്പറമ്പ്/ തൊണ്ടയാട് ഫ്ലൈഓവർ/ വെഹിക്കിൾ ഓവർപാസ് എന്നീ സൗകര്യം ഉപയോഗിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത റോഡിൽ വേങ്ങേരി മുതൽ തൊണ്ടയാട് വരെയുള്ള ഭാഗങ്ങളിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിനു സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (ബി) | ദേശീയപാതയുടെ ഇരുവശത്തും വെള്ളം ഒഴുകിപോകുന്നതിന് ഡ്രയിനേജ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. Cross Drainage നു ആവശ്യമായ കലുങ്കുകളും നൽകിയിട്ടുണ്ട്. ദേശീയപാത 6 വരിയാക്കുന്ന പ്രവൃത്തിക്കൊപ്പം വെള്ളം സുഗമമായി ഒഴുകിപ്പോകുന്നതിന് നിലവിലുള്ള കലുങ്കുകൾ വീതി കൂട്ടുന്നതാണ്. |
| (സി) | നാഷണൽ ഹൈവേയിൽ വെള്ളം ഒഴുകി പോകുന്നതിനു മതിയായ കൽവർട്ടറുകൾ സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (സി) | ദേശീയപാതയുടെ ഇരുവശത്തും വെള്ളം ഒഴുകിപോകുന്നതിന് ഡ്രയിനേജ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. Cross Drainage നു ആവശ്യമായ കലുങ്കുകളും നൽകിയിട്ടുണ്ട്. ദേശീയപാത 6 വരിയാക്കുന്ന പ്രവൃത്തിക്കൊപ്പം വെള്ളം സുഗമമായി ഒഴുകിപ്പോകുന്നതിന് നിലവിലുള്ള കലുങ്കുകൾ വീതി കൂട്ടുന്നതാണ്. |
| (ഡി) | പ്രസ്തുത നാഷണൽ ഹൈവേ കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ ഏതൊക്കെ സ്ഥലങ്ങളിലൂടെയാണ് കടന്നുപോകുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ഡി) | പ്രസ്തുത പാത കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ പുറക്കാട്ടിരി (വാർഡ് 3), മൊകവൂർ, കരുവിശ്ശേരി, വേങ്ങേരി, മലാപ്പറമ്പ്, തൊണ്ടയാട് (വാർഡ് 25) എന്നീ സ്ഥലങ്ങളിലൂടെ കടന്നു പോകുന്നു. |
| (ഇ) | നാഷണൽ ഹൈവേയ്ക്കു സമീപമുള്ള തണ്ണീർത്തടങ്ങൾ സംരക്ഷിക്കുന്നതിനു പ്രത്യേക പദ്ധതി തയ്യാറാക്കുമോയെന്നു വിശദമാക്കാമോ? | (ഇ) | ഇല്ല. എങ്കിലും റോഡിന്റെ സ്ഥലപരിധിക്കുള്ളിൽ Cross Drainage നൽകി വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കുന്നതിന് ആവശ്യമായ കൾവർട്ടുകൾ നൽകുന്നതാണ് എന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ